

സിനിമാ രംഗങ്ങളെ വെല്ലുന്ന ഉദ്വേഗജനകമായ സംഭവങ്ങൾക്കൊടുവിൽ വാഹന മോഷ്ടാവ് പോലിസിൻറെ പിടിയിലായി. തലശേരി പൂതൻവല്ലി ചാലിൽ വീട്ടിൽ ഫാസിൽ (31) നെയാണ് കിലോമീറ്ററുകൾ പിന്തുടർന്ന് അങ്കമാലി ഹൈവേ പോലിസ് സാഹസികമായി പിടികൂടിയത്. അങ്കമാലി ജംഗ്ഷനിൽ നിർത്തിയിട്ടിരുന്ന കാർ മോഷ്ടിച്ചു കടന്നു കളയുകയായിരുന്നു ഇയാൾ. കാറിൻറെ താക്കോൽ ഉടമസ്ഥൻ ഊരിയെടുക്കാത്തത് മോഷ്ടാവിന് എളുപ്പമായി. വാഹനം പോകുന്നത് കണ്ട് ഉടമ ഒച്ചവച്ചു. ഈ സമയം അവിടെയെത്തിയ ഹൈവേ പോലിസ് കാറിനെ പിന്തുടർന്നു. ഇതറിഞ്ഞ മോഷ്ടാവ് വാഹനം കെ.എസ്.ആർ.ടി.സി കോംപ്ലക്സിന് സമീപം ഉപേക്ഷിച്ച് ഇറങ്ങിയോടി . പിന്നാലെ പോലിസും. സ്റ്റാൻറിൻറെ മതിലു ചാടി മോഷ്ടാവ് ഗവൺമെൻറ് ആശുപത്രിയിലെത്തി. പോലിസും വിട്ടില്ല. അവിടെ നിന്ന് ഓടി ഓട്ടോസ്റ്റാൻറിലെത്തി. ഓട്ടോ വിളിച്ച് കാലടി ഭാഗത്തേക്ക്പോയി. ഓടിയെത്തിയ പോലിസ് മറ്റൊരു ഓട്ടോയിലും, പോലിസ് വാഹനത്തിലുമായി പിന്തുടർന്ന് വിശ്വജോതി സ്ക്കുളിനടുത്ത് ഓട്ടോയെ വട്ടം വച്ചു. അവിടെ നിന്ന് ഇറങ്ങി ഓടാൻ ശ്രമിച്ച പ്രതിയെ സാഹസികമായി പിടികൂടി സ്റ്റേഷനിലെത്തിച്ചു. നിരവധി കേസുകളിലെ പ്രതിയാണ് ഫാസിൽ. എസ്.ഐ മാരായ ടി.കെ. ജോഷി, സി.ടി ഷൈജു, എ.എസ്.ഐ ഒ .എ ഉണ്ണി, സി.പി.ഒ മാരായ സുധീർ, അലി എന്നിവരാണ് പോലിസ് സംഘത്തിൽ ഉണ്ടായിരുന്നത്. പ്രതിയെ പിടികൂടിയ ഉദ്യോഗസ്ഥരെ ജില്ലാ പോലിസ് മേധാവി കെ.കാർത്തിക് അഭിനന്ദിച്ചു. പോലിസ് മേധാവിയുടെ കാര്യാലയത്തിൽ വച്ച് ഉദ്യോഗസ്ഥർക്ക് ജില്ലാ പോലിസ് മേധാവി ക്യാഷ് റിവാഡും, പ്രശംസാപത്രവും വിതരണം ചെയ്തു.